## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **2927** — **20.06.2013** ലെ മറുപടിയ്ക്ക്

## ആറ്റിങ്ങൽ കോടതി സമുച്ചയത്തിന്റെ അഡീഷണൽ ബ്ലോക്ക് നിർമ്മാണം

| **ചോദ്യം**<br>ശ്രീ.ബി.സത്യൻ | **ഉത്തരം**<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
|---|---|
| (എ) ആറ്റിങ്ങൽ കോടതി സമുച്ചയത്തിന്റെ ഭാഗമായി അഡീഷണൽ ബ്ലോക്ക് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ; | (എ) ആറ്റിങ്ങൽ കോടതി സമുച്ചയത്തിന്റെ ഭാഗമായി അഡീഷണൽ ബ്ലോക്ക് നിർമ്മിക്കുന്നതിനായി 13.06.2013 ൽ കരാർ ഒപ്പു വെച്ചിട്ടുണ്ട്. പുതിയ കോടതി മന്ദിരത്തിന്റെ ശിലാസ്ഥാപനം ജൂൺ മാസം 22 ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. |
| (ബി) ഇതിന് എന്ത് തുകയ്ക്കുള്ള എസ്റ്റിമേറ്റിനാണ് ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളത്; | (ബി) പ്രസ്തുത പ്രവൃത്തിക്കായി 31.03.2012 ലെ സർക്കാർ ഉത്തരവ് നമ്പർ 565/2012/ പൊ.മ.വ. പ്രകാരം 280 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; | (സി) ഉണ്ട്. |
| (ഡി) വർക്ക് എഗ്രിമെന്റ് ആരുടെ പേരിലാണ്; നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ? | (ഡി) വർക്ക് എഗ്രിമെന്റ് M/s ഓൾഗാ കൺസ്ട്രക്ഷൻസ്, തിരുവനന്തപുരം എന്ന പേരിലാണ് ഒപ്പു വച്ചിട്ടുള്ളത്. നിർമ്മാണ പ്രവർത്തനങ്ങൾ 18 മാസങ്ങൾ കൊണ്ട് പൂർത്തീകരിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ